**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 984**

**10/06/2019-ൽ മറുപടി**
**നൽകേണ്ടിയിരുന്നത്**

# പെരുമ്പുഴകടവ് പാലം നിർമ്മാണം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. സി. എഫ്. തോമസ്** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ചങ്ങനാശ്ശേരി മുൻസിപ്പൽ ടൗണും, പൂവംകരയും തമ്മിൽ ബന്ധിപ്പിക്കാൻ നിർമ്മിച്ച പെരുമ്പുഴകടവ് പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുംമുമ്പ് തകർന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നോ ;<br>(ബി) ഈ പാലത്തിന്റെ പുനർനിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br>(സി) യാത്രാക്ലേശം ഗുരുതരമായി തുടരുന്നതിനാൽ ഈ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;<br>(ഡി) ടെൻഡർ നടപടികൾ ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | (എ) (ബി) (സി) & (ഡി) 26/02/2010-ൽ പണി പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്നുകൊടുത്ത ചങ്ങനാശ്ശേരി പെരുമ്പുഴ കടവ് പാലത്തിലൂടെ നിരന്തരം അധിക ലോഡ് കയറ്റിയ വാഹനങ്ങൾ കടന്നു പോയതു മൂലവും മണ്ണിന്റെ പ്രത്യേകത മൂലവും അപ്രോച്ച് റോഡ് തകർന്ന് പോവുകയുണ്ടായി. പാലത്തിന്റെ തകർന്ന അപ്രോച്ച്റോഡ് പുനർ നിർമ്മിക്കുന്നതിനായി 350 ലക്ഷം രൂപയുടെ ഭരണാനുമതി 2015-ൽ നൽകിയിരുന്നു. എന്നാൽ 23-03-2017-ൽ ഭരണാനുമതിയുടെ കാലാവധി തീർന്നതിനാൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സൈറ്റ് സന്ദർശനത്തിലെ ചില നിരീക്ഷണങ്ങൾക്ക് വിധേയമായി ഡിസൈനിൽ ഭേദഗതികൾ വരുത്തേണ്ടി വന്നതിനാൽ വീണ്ടും ഐ.ഡി.ആർ.ബി. ഡിസൈൻ നടത്തി, പൂർണ്ണമായും ലാൻഡ് സ്പാൻ ആയ ഡിസൈൻ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, ജി.എസ്.ടി. ഉൾപ്പെടുത്താതെ നാലുകോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 28/03/2019-ൽ നൽകി, തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**